പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയമിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് കിട്ടിയശേഷം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) മറ്റു വകുപ്പുകളുമായി യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും പരിപാടികളും താഴെ പറയുന്നവയാണ് :

1. സ്വയംഭരണ വകുപ്പും ഗ്രാമവികസന വകുപ്പും സഹകരണ വകുപ്പുമായി സഹകരിച്ചും പഞ്ചായത്തുതലം മുതൽ സംസ്ഥാനതലംവരെ കേരളോത്സവം നടത്തിവരുന്നു.
2. വനം വകുപ്പിന്റെ സഹകരണത്തോടെ "യുവാക്കൾ പരിസ്ഥിതി സമാധാനത്തിന്" എന്ന ആശയവുമായി പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുവാൻ സംസ്ഥാനത്തുടനീളം വൃക്ഷത്തൈ നടീൽപദ്ധതി.
3. വനം, പോലീസ്, വിനോദസഞ്ചാരം എന്നീ വകുപ്പുകളുടെ സഹായത്തോടെ തിരുവനന്തപുരം നെയ്യാർഡാം മുതൽ കാസർഗോഡ് പാണത്തൂർ വരെ, യുവതീ യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സഹസ്രാബ്ദ സാഹസിക യാത്ര സംഘടിപ്പിച്ചു.
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ജില്ലാഭരണകൂടവുമായും സഹകരിച്ച് വിവിധ സംസ്ഥാനങ്ങളിലെ യുവതീ യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാ ക്ലാസും ഉൾപ്പെട്ട ഒരു ജലയാന പഠന യാത്രാ ക്യാമ്പ്, അഷ്ടമുടിക്കായൽ മുതൽ വേമ്പനാട്ടുകായൽ വരെ നടത്തി.
5. നിർമ്മിതി കേന്ദ്രയും പട്ടികജാതി വികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് ആശാരിപ്പണിയിൽ യുവാക്കൾക്ക് പരിശീലനം നൽകി.

(ഡി) മുകളിൽ പരാമർശിച്ച പരിപാടികൾക്ക് പുറമെ യുവജനക്ഷേമത്തിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ശുപാർശകൾ നൽകുന്നതിനുമായി എം.. എൽ. എ. മാർ ഉൾപ്പെട്ട ഒരു വിദഗ്ധസമിതിയെ നിയോഗിച്ചിട്ടുണ്ട്. "സമിതിയുടെ റിപ്പോർട്ട്" ലഭ്യമായ ശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പിന്നോക്ക വിഭാഗക്കാർക്ക് സ്വയംതൊഴിൽ പദ്ധതി

1 (1666) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പിന്നോക്ക വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ പദ്ധതിക്കായി എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നെന്ന് വ്യക്തമാക്കാമോ ;

(ബി) സ്വയംതൊഴിൽ പദ്ധതിക്ക് പരമാവധി എന്തു തുക വരെ അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ തുക വർദ്ധിപ്പിക്കുന്നതിനും വ്യവസ്ഥകൾ ഉദാരമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾ തെരഞ്ഞെടുക്കുന്ന സ്വയം തൊഴിൽ സംരംഭത്തിന് 50,000 രൂപവരെയും പ്രത്യേക സ്കീമുകളിൽപ്പെട്ട സംരംഭങ്ങൾക്ക് 5 ലക്ഷം രൂപ വരെയും ലളിതമായ വ്യവസ്ഥകളോടെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വായ്പ നൽകുന്നുണ്ട്.

(ബി) 5 ലക്ഷം രൂപ വരെ.

(സി) വായ്പ തുക പരിധി നിശ്ചയിക്കുന്നത് ധനകാര്യ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻപോലുള്ള സ്ഥാപനങ്ങളാണ്. വ്യവസ്ഥകൾ ഇനിയും ഉദാരമാക്കേണ്ട പ്രശ്നം ശ്രദ്ധയിൽ വന്നിട്ടില്ല.

1991-ലെ സെൻസസ് പ്രകാരമുള്ള പട്ടികജാതി ജനസംഖ്യ

2 (1667) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗ ന്യൂനപക്ഷ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-ലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികജാതി ജനസംഖ്യ എത്ര ;

(ബി) അവയുടെ ജാതി-ഉപജാതി തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ ;

(സി) 1981-ലെ ഇവരുടെ ജനസംഖ്യയിൽ നിന്നും 1991-ൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് ;

(ഡി) ഇവരുടെ സാക്ഷരതാ ശതമാനത്തിൽ എന്തു വർദ്ധനവാണ് 1981-ലേതിൽ നിന്നും ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 29,86,522.

(ബി) ജാതി-ഉപജാതി തിരിച്ചുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(സി) 13.22%

(ഡി) 23.7%

LIBRARY ARCHIVES Kerala Legislative Assembly